# നബിദിനാഘോഷം ഇസ്ലാമികമോ. ?

<u>തയ്യാറാക്കിയത്</u>

**അബുൽവഫ അനസ് അലി ബ്നു അബ്ദിർറഹ്മാൻ**

وَفَّقَهُ اللّٰه تعالى

# ആമുഖം

بِسْمِ اللَّـهِ الرَّحْمَـٰنِ الرَّحِيمِ

الحمد لله وحده والصلاة والسلام على رسول الله وآله وصحبه،

മുസ്‌ലിംകളെ നന്മയിലേക്ക് നയിക്കേണ്ട പണ്ഡിതൻമാരിൽ ചിലരെങ്കിലും റസൂൽ ﷺ യുടെ ജന്മദിനാഘോഷം കൊണ്ടാടുവാനുള്ള ആഹ്വാനങ്ങളും പ്രോത്സാഹനങ്ങളും ആരംഭിച്ചു കഴിഞ്ഞു.

അവർ തങ്ങളുടെ സംസാരങ്ങളിലൂടെയും, എഴുത്തുകളിലൂടെയും മറ്റു വ്യത്യസ്ത മാധ്യമങ്ങളിലൂടെയും പ്രമാണങ്ങളുടെ പിൻബലമില്ലാത്ത അവരുടെ ഈ വാദഗതികൾ പ്രചരിപ്പിക്കുകയും ചെയ്യുന്നു.

ഖുർആനിലോ സുന്നത്തിലോ സ്ഥിരപ്പെടാത്തതും, സ്വഹാബത്തിനും മറ്റു മുൻഗാമികൾക്കും പരിചയവുമില്ലാത്ത തീർത്തും ഇസ്‌ലാമിന് അന്യമായ ഈ പുത്തനാചാരത്തിൻറെ അപകടങ്ങൾ തുറന്നുകാട്ടുക എന്നത് പ്രത്യേകിച്ചും ഈ അവസരത്തിൽ ഏറെ അനിവാര്യമാണ്.

# നബിദിനാഘോഷം ബിദ്അത്തു തന്നെ.

തീർച്ചയായും അല്ലാഹു മുഹമ്മദ് ﷺ യെ നിയോഗിച്ചത് സന്മാർഗം കൊണ്ടും, സത്യദീൻ കൊണ്ടുമാണ്. അഥവാ ഉപകാരപ്രദമായ അറിവും, സൽകർമ്മങ്ങളുമാണത്. ഈ സമുദായത്തിന് അതിന്റെ ദീൻ പൂർത്തിയാക്കാതെ അവിടുത്തെ അല്ലാഹു അവനിലേക്ക് തിരിച്ചു വിളിച്ചിട്ടുമില്ല. ഏറ്റവും വലിയ അനുഗ്രഹമായ ഈ ദീനിനെ നമുക്ക് അല്ലാഹു പൂർത്തീകരിച്ചു നൽകി. അല്ലാഹു പറഞ്ഞു:

ٱلۡيَوۡمَ أَكۡمَلۡتُ لَكُمۡ دِينَكُمۡ وَأَتۡمَمۡتُ عَلَيۡكُمۡ نِعۡمَتِي وَرَضِيتُ لَكُمُ ٱلۡإِسۡلَٰمَ دِينٗاۚ ٣

[المائدة: 3]

**ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എൻറെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.**

അല്ലാഹു ഈ ആയത്തിലൂടെ ദീൻ പരിപൂർണമാണെന്ന് നമ്മെ അറിയിക്കുന്നു. ഒരുവൻ ദീനിൽ വല്ലതും പുതുതായി ഉണ്ടാക്കുവാൻ ശ്രമിച്ചാൽ അവൻ അതിലൂടെ ജൽപ്പിക്കുന്നത് ദീൻ പൂർണമല്ല, മറിച്ച് എന്തൊക്കെയോ ദീനിൽ അധികരിപ്പിക്കേണ്ടതായി ഉണ്ട് എന്നതാണ്. ഈ വാദം നിരർത്ഥകമാണെന്നതിൽ യാതൊരു സംശയവുമില്ല!. മാത്രവുമല്ല അല്ലാഹുവിന്റെ മേൽ ഗുരുതരമായ അപവാദം ഉന്നയിക്കലും, നടേ സൂചിപ്പിച്ച ആയത്തിനോട് ഒരിക്കലും യോജിക്കാത്ത കാര്യവുമാണത്.

നബിദിനാഘോഷമെങ്ങാനും ദീനിൽ ഉൾപ്പെടുന്ന കാര്യമായിരുന്നു എങ്കിൽ അത് വ്യക്തമായി പഠിപ്പിച്ചു നൽകാതെ നബി ﷺ നമ്മോട് വിട പറയുകയില്ലായിരുന്നു. കാരണം, അവിടുന്ന് ജനങ്ങളിൽ ഏറ്റവും ഗുണകാംക്ഷയുള്ളവരായിരുന്നു. അവിടുന്ന് വിട്ടുപോയ കാര്യങ്ങൾ അറിയിക്കുവാൻ അവിടുത്തേക്ക് ശേഷം ഒരു നബിയില്ല. അവിടുന്ന് അന്ത്യപ്രവാചകനാണ്. ഗൗരവ പൂർവ്വം ഉണർത്തപ്പെടേണ്ട ഒരു കാര്യമാണ് ഇത്.

തീർച്ചയായും നബി ﷺ യോടുള്ള ബാധ്യതയിൽ പെട്ടതേയല്ല അവിടുത്തെ

ജന്മദിനാഘോഷം കൊണ്ടാടുക എന്നത്. ഈ മൗലിദാഘോഷം ദീനിലേക്ക് കടത്തിക്കൂട്ടിയത് ഖുർആനിൽ നിന്നോ സുന്നത്തിൽ നിന്നോ ഒരു സ്വഹാബിയിൽ നിന്നോ യാതൊരു തെളിവും പക്കലില്ലാത്തവരാണ്. ഖുലഫാഉർറാഷിദീങ്ങളോ, അതല്ലാത്ത മറ്റ് സ്വഹാബികളിൽ പെട്ടവരോ, അവരെ നന്മയിൽ പിൻപറ്റിയവരോ, ഇവരിൽ ആരിൽ നിന്നുമില്ല. ഇത് കൊണ്ട് വന്നത് കണ്ടതും കേട്ടതുമെല്ലാം വിശ്വസിക്കുന്ന, വഴികേടിന്റെയും അനാചാരങ്ങളുടെയും ആളുകൾ മാത്രമാണ്. നബി ﷺ യെ പിൻപറ്റുന്ന ഈ സമുദായത്തെ വഴിപിഴപ്പിക്കുന്നതിന് വേണ്ടിയാണ് അവർ ഇത് കൊണ്ടുവന്നത്.

ഇസ്ലാമിന്റെ ശത്രുക്കളായ ഇക്കൂട്ടർ, അനാചാരങ്ങളുടെ വക്താക്കൾ, അവർ നബി ﷺ യുടെ സുന്നത്തിൽ ജനങ്ങൾ ഒന്നിച്ചതായി കണ്ടപ്പോൾ, അവിടുത്തോടുള്ള ബാധ്യത കൾ നിറവേറ്റുന്നതായി കണ്ടപ്പോൾ, അതിൽ നല്ല രൂപത്തിൽ ഈ സമുദായം നില കൊള്ളുന്നു എന്ന് മനസ്സിലാക്കിയപ്പോൾ ഈ ഒരു മാർഗത്തിലൂടെ അവരെ വഴി പിഴപ്പി ക്കാം എന്ന് അവർ ഉദ്ദേശിച്ചു കൊണ്ട് ഇത്തരം പുത്തൻ ആഘോഷങ്ങൾ കൊണ്ടാ ടുവാൻ തുടങ്ങി. അത് പോലെ ഖുർആനിലോ സുന്നത്തിലോ യാതൊരു രേഖയുമില്ലാത്ത ചില പുത്തൻ വാദങ്ങളും ഇവർ കൊണ്ടുവന്നു. നിങ്ങളീ കേൾക്കുന്ന മൗലിദാഘോഷത്തെ അല്ലാഹുവിന്റെ ദീനിലേക്ക് മടക്കി നോക്കുക. നാം അല്ലാഹുവിന്റെ കിതാബും റസൂൽ ﷺ യുടെ സുന്നത്തും പിൻപറ്റുന്നു. അതിൽ നിന്നും കാര്യങ്ങൾ സ്വീകരിക്കുന്നു. അതാണ് ഈ ദീനിന്റെ പ്രത്യേകത. ഈ പുത്തൻ വാദക്കാരാകട്ടെ മൗലി ദാഘോഷം ദീനിൽ ഉള്ളതാണെന്ന് വാദിക്കുന്നു. നാം അവരോട് ചോദിക്കുന്നു: എന്താണ് നിങ്ങളുടെ പക്കലുള്ള തെളിവ്?. അപ്പോൾ അവരുടെ പക്കൽ ശരിയായ ഒരു തെളിവ് പോലും നിനക്ക് കാണുവാൻ കഴിയുകയില്ല. അവർ അവ്യക്തമായ ചില കാര്യങ്ങൾ മാത്ര മാണ് കൊണ്ടുവരിക. അവർ വാദിക്കുന്നതിന് ബലം നൽകുന്ന ഒന്നും തന്നെ ആ തെളിവുകളിൽ ഉണ്ടാവുകയില്ല. അതുകൊണ്ട് സഹോദരങ്ങളെ, അനിവാര്യമായും പുത്ത നാചാരങ്ങിൽ നിന്ന് സുന്നത്തിനെ തിരിച്ചറിയുക. ചിലയാളുകൾ കൊണ്ടാടുകയും സാമൂഹ്യ മാധ്യമങ്ങളിൽ നാം കേൾക്കുകയും ചെയ്യുന്ന ഈ മൗലിദാഘോഷം അത് അനാചാരമാണ്, അതിന് കിതാബിൽ നിന്നോ സുന്നത്തിൽ നിന്നോ യാതൊരു തെളിവു മില്ല എന്ന കാര്യം നാം കൃത്യമായി മനസ്സിലാക്കുക. അല്ലാഹുവിന്റെ ചര്യകൾ സുവ്യക്തമാണ്. നമ്മുടെ നബി ﷺയുടെ ചര്യകളും വളരെ വ്യക്തമാണ്. ഖുർആനിലും സുന്നത്തിലുമുള്ളതിനെ നാം പിൻപറ്റുക. സകല നന്മകളും അല്ലാഹുവിന്റെ

കിതാബിലും നബി ﷺ യുടെ സുന്നത്തിലുമാണ്.

ഒരിക്കലും നല്ല ബിദ്അത്ത് എന്ന ഒന്നില്ല. മറിച്ച് നബി ﷺ നമുക്ക് വിശദീകരിച്ച് തന്നത് പോലെ അതെല്ലാം വഴികേടാണ്. നബി ﷺ യെ സ്നേഹിക്കുക, അവിടുത്തെ പിൻപറ്റുക, അവിടുത്തെ മേൽ സ്വലാത്ത് അധികരിപ്പിക്കുക പോലുള്ള അവിടുത്തോടുള്ള ബാധ്യതകൾ വിശുദ്ധ ഖുർആനും, തിരുസുന്നത്തും നമുക്ക് വ്യക്തമായി പഠിപ്പിച്ചു തന്നിട്ടുണ്ട്. എന്നാൽ ഈ ബാധ്യതകളിൽ അവിടുത്തെ ജന്മദിനം കൊണ്ടാടുക എന്നത് എവിടെയും പഠിപ്പിക്കപ്പെട്ടിട്ടില്ല എന്നതാണ് വാസ്തവം. റസൂൽ ﷺ യുടെ ജീവിത കാലത്ത് ഒരിക്കൽ പോലും അത് അവിടുന്ന് കൊണ്ടാടിയിട്ടില്ല. ജനങ്ങളുടെ കൂട്ടത്തിൽ അവിടുത്തെ ഏറെ സ്നേഹിക്കുകയും, അവിടുത്തോടുള്ള ബാധ്യതകൾ കൂടുതൽ അറിയുകയും, അവ പൂർണമായി നിറവേറ്റുകയും ചെയ്ത സ്വഹാബികൾ ഇത് ആഘോഷിച്ചിട്ടില്ല. ഖുലഫാഉർറാഷിദീങ്ങൾ, മറ്റ് മൂന്ന് ഉത്തമ തല മുറകളിൽ പെട്ടവരാരും തന്നെ ഇത് കൊണ്ടാടിയില്ല!. സഹോദരാ നീ കരുതുന്നത് അവർക്കൊന്നും നബി ﷺ യോടുള്ള കടമകൾ അറിയില്ലാ എന്നാണോ?!. അതല്ല അവർ അതിൽ കുറവു വരുത്തി എന്നാണോ?!. അബൂബക്റിനും ഉമറിനും മറ്റു മുൻഗാമികൾക്കും അറിയാത്ത നന്മ പിൽക്കാലക്കാർ കൊണ്ടുവന്ന് ദീനിലുള്ള കുറവുകൾ നികത്തി എന്നാണോ നീ കരുതുന്നത്?!. ഇല്ല, അല്ലാഹുവാണെ ഒരിക്കലും ഇല്ല!. സ്വഹാബികളെ കൃത്യമായി മനസ്സിലാക്കിയ തെളിഞ്ഞ ബുദ്ധിയുള്ള ഒരാളും ഇപ്ര കാരം പറയുകയില്ല തന്നെ.

പ്രിയ സഹോദരാ,.. നബിദിനാഘോഷം നബി ﷺ യുടെ കാലത്തോ, സ്വഹാബത്തിന്റെ കാലത്തോ, ശേഷം വന്ന സച്ചരിതരായ മുൻഗാമികളുടെ കാലത്തോ ഉണ്ടായിട്ടില്ല. അങ്ങനെയെങ്കിൽ നീ മനസ്സിലാക്കിക്കൊള്ളുക ഇത് ദീനിൽ പിന്നീട് പ്രത്യ ക്ഷപ്പെട്ട പുത്തനാചാരമാണ്. അത് കൊണ്ടാടൽ നിനക്ക് അനുവദനീയമല്ല. അതിന് അംഗീകാരം കൊടുക്കുകയോ, അതിലേക്ക് ക്ഷണിക്കുകയോ ചെയ്യൽ ഗുരുതരമായ അക്രമമാണ്. മറിച്ച് അതിനെ എതിർക്കലും, അതിൽ നിന്ന് താക്കീത് നൽകലും നിർബന്ധവുമാണ്.

നബി ﷺ അവിടുത്തെ ഖുതുബകളിൽ പറയാറുള്ള വാക്ക് ഇപ്രകാരമാണ്.

**" إِنَّ أَصْدَقَ الْحَدِيثِ كِتَابُ اللهِ، وَأَحْسَنَ الْهَدْيِ هَدْيُ مُحَمَّدٍ وَشَرَّ الْأُمُورِ مُحْدَثَاتُهَا، وَكُلَّ مُحْدَثَةٍ بِدْعَةٌ، وَكُلَّ بِدْعَةٍ ضَلَالَةٌ، وَكُلَّ ضَلَالَةٍ فِي النَّارِ "**

**ഏറ്റവും സത്യസന്ധമായ സംസാരം അല്ലാഹുവിന്റെ സംസാരമാണ്. ഏറ്റവും**

**നല്ലമാർഗം നബി ﷺ യുടെ മാർഗവുമാണ്. കാര്യങ്ങളിൽ ഏറ്റവും മോശമായത് ദീനിൽ കടത്തിക്കൂട്ടിയകാര്യങ്ങളാണ്. എല്ലാ കടത്തിക്കൂട്ടിയതും പുത്തനാചാരമാണ്. എല്ലാ പുത്തനാചാരവും വഴികേടാണ്. എല്ലാ വഴികേടും നരകത്തിലാണ്.**

മറ്റൊരു ഹദീസിൽ കാണാം;

**" فَعَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الْمَهْدِيِّينَ الرَّاشِدِينَ فَإِنَّهُ مَنْ يَعِشْ مِنْكُمْ بَعْدِي فَسَيَرَى اخْتِلَافًا كَثِيرًا، تَمَسَّكُوا بِهَا، وَعَضُّوا عَلَيْهَا بِالنَّوَاجِذِ ، وَإِيَّاكُمْ وَمُحْدَثَاتِ الْأُمُورِ ؛ فَإِنَّ كُلَّ مُحْدَثَةٍ بِدْعَةٌ، وَكُلَّ بِدْعَةٍ ضَلَالَةٌ "**

**എനിക്ക് ശേഷം ജീവിക്കുന്നവരാരോ അവർ ധാരാളം അഭിപ്രായവ്യത്യാസങ്ങൾ കാണുന്നതായിരിക്കും. അപ്പോൾ നിങ്ങൾ എന്റെ ചര്യയെ മുറുകെ പിടിക്കുക, എനിക്ക് ശേഷം വരുന്ന ഖുലഫാഉർറാഷിദീങ്ങുടെ ചര്യയും നിങ്ങൾ മുറുകെ പിടിക്കുക. അതിനെ നിങ്ങൾ അണപ്പല്ലുകൾ കൊണ്ട് ബലിഷ്ഠമായി പിടിക്കുക. ദീനിൽ പുതുതായി പ്രത്യക്ഷപ്പെടുന്ന കാര്യങ്ങളെ നിങ്ങൾ കരുതിയിരിക്കുക. എല്ലാ കടത്തിക്കൂട്ടിയതും പുത്തനാചാരമാണ്. എല്ലാ പുത്തനാചാരവും വഴികേടുമാണ്.**

റസൂൽ ﷺ പറഞ്ഞു:

**" مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ فِيهِ فَهُوَ رَدٌّ "**

**നമ്മുടെ ഈ ദീനിന്റെ കാര്യത്തിൽ പുതുതായി ആരെങ്കിലും എന്തെങ്കിലും കടത്തികൂട്ടിയാൽ അത് തള്ളപ്പെടേണ്ടതാണ്.**

മറ്റൊരു രിവായത്തിൽ കാണാം:

**" مَنْ عَمِلَ عَمَلًا لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ "**

**നമ്മുടെ കൽപനയില്ലാതെ ആരെങ്കിലും എന്തെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെണ്ടേതാണ്.**

ഈ ആശയം നൽകുന്ന ഒരുപാട് ഹദീസുകൾ നമുക്ക് കാണുവാൻ സാധിക്കും.

ശരിയായ കാഴ്ച്ചപാടും,ബോധവുമുള്ള ഏതൊരുവനും അറിയുന്ന കാര്യമാണ് നബി ﷺ യോടുള്ള ബഹുമാനം ഒരിക്കലും ദീനിൽ പഠിപ്പിക്കപ്പെടാത്ത നബിദിനാഘോഷം പോലുള്ള കാര്യങ്ങൾ കൊണ്ടല്ല കാണിക്കേണ്ടത് എന്നത്. മറിച്ച് അവിടുത്തോട് ബഹുമാനം കാണിക്കേണ്ടത് അവിടുത്തെ സ്നേഹിച്ചും, പിൻപറ്റിയും അവിടുത്തെ സുന്നത്തിലേക്ക് ക്ഷണിച്ചും, അതിന് വിപരീതമായ തോന്നിവാസങ്ങൾക്കും, അനാചാരങ്ങൾക്കും എതിരുനിന്നുമാണ്.

അല്ലാഹു പറഞ്ഞു:

﴿قُلۡ إِن كُنتُمۡ تُحِبُّونَ ٱللَّهَ فَٱتَّبِعُونِي يُحۡبِبۡكُمُ ٱللَّهُ وَيَغۡفِرۡ لَكُمۡ ذُنُوبَكُمۡۚ وَٱللَّهُ غَفُورٞ رَّحِيمٞ ٣١﴾
[آل عمران: 31]

**(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപ ങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണ ചെയ്യുന്നവനുമാകുന്നു.**

മറ്റൊരു ആയത്തിൽ കാണാം:

﴿وَمَآ ءَاتَىٰكُمُ ٱلرَّسُولُ فَخُذُوهُ وَمَا نَهَىٰكُمۡ عَنۡهُ فَٱنتَهُواْۚ وَٱتَّقُواْ ٱللَّهَۖ إِنَّ ٱللَّهَ شَدِيدُ ٱلۡعِقَابِ ٧﴾
[الحشر: 7]

**നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക.**

സ്വഹീഹായ ഒരു ഹദീസിൽ നബി ﷺ പറഞ്ഞതായി കാണാം:

**كُلُّ أُمَّتِي يَدْخُلُونَ الْجَنَّةَ إِلَّا مَنْ أَبَى ". قَالُوا : يَا رَسُولَ اللَّهِ، وَمَنْ يَأْبَى ؟ قَالَ : " مَنْ أَطَاعَنِي دَخَلَ الْجَنَّةَ، وَمَنْ عَصَانِي فَقَدْ أَبَى**

**എന്റെ ഉമ്മത്തിൽ വിസമ്മതിച്ചവരൊഴികെ മറ്റെല്ലാവരും സ്വർഗത്തിൽ പ്രവേശിക്കും.**

**സ്വഹാബികൾ ചോദിച്ചു അല്ലാഹുവിന്റെ റസൂലേ ആരാണ് വിസമ്മതിക്കുന്നവർ? അവിടുന്ന് പറഞ്ഞു: ആര് എന്നെ അനുസരിക്കുന്നുവോ അവൻ സ്വർഗത്തിൽ പ്രവേശിക്കും, ആര് എന്നെ ധിക്കരിക്കുന്നുവോ അവൻ വിസമ്മതം കാണിച്ചു. (ബുഖാരി)**

റസൂൽ ﷺ യെ ബഹുമാനിക്കലും സ്നേഹിക്കലുമെല്ലാം ചില സമയത്ത് മാത്രം ഉണ്ടാവുകയും മറ്റു സമയത്ത് ഇല്ലാതിരിക്കുക്കുകയും ചെയ്യുന്ന ഒന്നല്ല. വർഷത്തിൽ ഒരിക്കൽ മാത്രം ഉണ്ടാവേണ്ടതാണോ പ്രവാചക സ്നേഹം?!. അല്ല, മറിച്ച് എല്ലാ സന്ദർഭത്തിലും അവിടുത്തെ സുന്നത്തിനെ ആദരിക്കലും, പ്രാവർത്തികമാക്കലും, അതിലേക്ക് ക്ഷണിക്കലും, അതിന് വിപരീതമായ കാര്യങ്ങളിൽ നിന്നും താക്കീത് ചെയ്യലും നിർബന്ധമാണ്. ഇതാണ് ഈ സമൂഹത്തിന് അല്ലാഹുവും അവന്റെ റസൂലും നിയമമാക്കിയ കാര്യം. ഇതിലൂടെ അവൻ ധാരാളം പ്രതിഫലവും കണക്കില്ലാത്ത നന്മകളും ദുനിയാവിലെ പ്രതാപവും, പരലോകത്തെ സൗഭാഗ്യവും നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നു.

## നബി ﷺ യോടുള്ള നമ്മുടെ ബാധ്യതകളിൽ പെട്ടതാണ് അവിടുത്തെ മറികടന്ന് പ്രവർത്തിക്കാതിരിക്കുക എന്നത്.

അല്ലാഹു سُبْحَانَهُ وَتَعَالَىٰ പറയുന്നു:

**يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُقَدِّمُوا۟ بَيْنَ يَدَىِ ٱللَّهِ وَرَسُولِهِۦ ۖ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ سَمِيعٌ عَلِيمٌ ۝١**

[الحجرات: 1]

**സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിൻറെയും, അവൻറെ റസൂലിൻറെയും മുമ്പിൽ (യാതൊന്നും) മുങ്കടന്നു പ്രവർത്തിക്കരുത്. അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.**

**ഇബ്നു അബ്ബാസ് رضي الله عنهما വിൽ നിന്നും ഇമാം ഇബ്നു ജരീർ رحمه الله ഉദ്ദരിക്കുന്നു:**

**അഥവാ; 'നിങ്ങൾ ഖുർആനിനും സുന്നത്തിനും എതിരായി ഒന്നും തന്നെ പറയരുത്"**

നബി ﷺ യെ മുൻകടന്ന് പ്രവർത്തിക്കുന്നതിൽ പെട്ടതാണ് ദീനിൽ പുതുതായി കൊണ്ടുവന്ന ബിദ്അത്തുകൾ. ബിദ്അത്തെന്നാൽ അല്ലാഹുവോ അവൻറെ റസൂലോ അവിടുത്തെ സ്വഹാബത്തോ പഠിപ്പിച്ചിട്ടില്ലാത്ത പുതിയ കാര്യങ്ങൾ ദീനിൽ കൊണ്ടു വരലാണ്. അതിൽ പെട്ടതാണ് റബീഉൽ അവ്വലിലെ മൗലിദാഘോഷം.

ദീനിൽ പുതുതായി കൊണ്ടുവന്ന കാര്യങ്ങളിൽ പെട്ടതാണ് റബീഉൽ അവ്വൽ മാസത്തിൽ ചിലർ നടത്തുന്ന മൗലിദാഘോഷം. റബീഉൽ അവ്വൽ 12 ന് അവർ ഒരുമിക്കുകയും, നബി ﷺ പഠിപ്പിക്കാത്ത ചില സ്വലാത്തുകൾ പാരായണം ചെയ്യുകയും, അതിരുവിട്ട് നബി ﷺ വിലക്കിയ രൂപത്തിൽ അവിടുത്തെ പുകഴ്ത്തു കയും, ഭക്ഷണമുണ്ടാക്കുകയും, ഉറക്കമൊഴിക്കുകയും, സമ്പത്തും സമയവും ചിലവഴിക്കുകയും ചെയ്യുന്നു.

അല്ലാഹുവും റസൂലും പഠിപ്പിക്കാത്ത, സ്വഹാബികൾക്ക് പരിചയമില്ലാത്ത കാര്യങ്ങൾ പ്രവർത്തിച്ചു കൊണ്ട് അവർ ക്ഷീണിക്കുന്നു. ഇത് നന്മയാണെങ്കിൽ നമുക്ക് മുൻപേ അവർ ഇത് ചെയ്യുമായിരുന്നു.

# ചില ജൽപനങ്ങൾക്കുള്ള മറുപടി

ചില നബിദിനവാദികൾ നബിദിനാഘോഷത്തിന് തെളിവായി പറയുന്ന കാര്യമാണ്:

ക്രൈസ്തവർ അവരുടെ പ്രവാചകന്റെ ജന്മദിനം വലിയ ആഘോഷമായി കൊണ്ടാടുന്നു. എന്ത് കൊണ്ട് അതുപോലെ മുസ്ലിമീങ്ങൾക്കും ആയിക്കൂടാ..?

ഈ വാദത്തിലൂടെ വ്യക്തമാകുന്നത് മൗലിദാഘോഷം നടത്തുന്നത് ക്രൈസ്തവർ ഈസാ നബി ﷺ ന്റെ ജന്മദിനം കൊണ്ടാടുന്നതിനോട് സാദൃശ്യപ്പെട്ടുകൊണ്ടാണ് എന്നതാണ്. ഇവിടെ നബി ﷺ യുടെ വാക്ക് പുലരുകയാണ് ചെയ്യുന്നത്. അവിടുന്ന് ﷺ പറഞ്ഞു:

**لَتَتَّبِعُنَّ سَنَنَ مَنْ قَبْلَكُمْ، الشِّبْرَ بِالشِّبْرِ، وَالذِّرَاعَ بِالذِّرَاعِ، وَالْبَاعَ بِالْبَاعِ، حَتَّى لَوْ أَنَّ أَحَدَهُمْ دَخَلَ جُحْرَ ضَبٍّ لَدَخَلْتُمُوهُ". قَالُوا: يَا رَسُولَ اللَّهِ، أَمِنَ الْيَهُودِ، وَالنَّصَارَى؟ قَالَ: "مَنْ إِذَنْ؟"**

**"'നിങ്ങൾ നിങ്ങളുടെ മുൻകാലക്കാരെ ചാണിന് ചാണായും, മുഴത്തിന് മുഴമായും പിൻപറ്റുക തന്നെ ചെയ്യും. അവർ ഒരുടുമ്പിന്റെ മാളത്തിൽ പ്രവേശിച്ചാൽ അതിൽ വരെ നിങ്ങളവരെ അനുഗമിക്കും."**

**സ്വാഹാബികൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ജൂതൻമാരെയും നസ്റാണികളെയും പിൻപറ്റുന്ന കാര്യമാണോ അങ്ങ് പറയുന്നത്?. അവിടുന്ന് ﷺ പറഞ്ഞു: അവരല്ലാതെ മറ്റാരാണ്**

مسند أحمد【١٠٨٢٧】

പല രീതിയിൽ മുസ്‌ലിം സമുദായത്തിൽ ഈ വാക്ക് പുലർന്നതായി നമുക്ക് കാണാം. റബീഉൽ അവ്വലിലെ ചില മുസ്‌ലിം പള്ളികളും, ക്രിസ്തുമസ് വരുമ്പോൾ നസ്റാണികളുടെ പള്ളികളും താരതമ്യം ചെയ്യുകയാണെങ്കിൽ ഈ ഹദീസ് പുലർന്ന മറ്റൊരു ദയനീയ രൂപം നമുക്ക് കാണുവാൻ സാധിക്കും.

നസ്റാണികൾ അലങ്കരിക്കുന്നത് പോലെ മുസ്ലിമിന്റെ വീടും പള്ളിയും അലങ്കരിക്കപ്പെടുന്നു. ചില പണ്ഡിതവേഷധാരികൾ അവരുടെ പ്രസംഗങ്ങളിൽ ഈ തോന്ന്യാസങ്ങൾക്ക് പ്രേരണ നൽകുന്നു. അല്ലാഹുവിൽ അഭയം!.

അപ്പോൾ ഇത്തരം മൗലിദാഘോഷങ്ങൾ നസ്റാണികളോടുള്ള സാദൃശ്യപ്പെടലാണ്. നബി ﷺ പറയുന്നത് നോക്കൂ:

**"مَنْ تَشَبَّهَ بِقَوْمٍ فَهُوَ مِنْهُمْ"**

سنن ابي داود【٤٠٣١】

**ആരെങ്കിലും ഒരു ജനതയോട് സാദൃശ്യപ്പെട്ടാൽ അവൻ അവരിൽ പെട്ടവനാണ്.**

അത് കൊണ്ട് സത്യാന്വേഷികളായ സഹോദരങ്ങളെ, ഇത്തരം അനാചാരങ്ങളിൽ പെട്ടുപോകുന്നതിൽ നിന്നും, ഇത് പഠിപ്പിക്കുന്ന പുരോ ഹിതൻമാരിൽ നിന്നും അതീവ ജാഗ്രത പുലർത്തുക.

അല്ലാഹു سُبْحَانَهُ وَتَعَالَىٰ പറഞ്ഞു:

**فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ﴿٦٣﴾ [النور: 63]**

**ആകയാൽ നബി ﷺ യുടെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ.**

അതുപോലെ തന്നെ, ഈ ആഘോഷം നബി ﷺ യെ സ്നേഹിക്കലും ആദരിക്കലുമാണ് എന്നാണ് നബിദിനമാഘോഷിക്കുന്ന മിക്ക ആളുകളും പറയാറുള്ളത്. എന്നാൽ, ഈ വാദം തീർത്തും വാസ്തവവിരുദ്ധമാണ്. കാരണം, നബി ﷺ യെ സ്നേഹിക്കേണ്ടത് അവിടുത്തെ ചര്യകൾക്ക് എതിര് പ്രവർത്തിച്ചു കൊണ്ടോ, അല്ലാഹു ഈ ഉമ്മത്തിന് പൂർത്തീകരിച്ചു നൽകിയ ദീനിൽ പുതിയ കാര്യങ്ങൾ കടത്തിക്കൂട്ടി കൊണ്ടോ അല്ല. ഈ രൂപത്തിലാണ് ആരെങ്കിലും നബി ﷺ യെ സ്നേഹിക്കുന്ന തെങ്കിൽ, അത് സ്നേഹമല്ല മറിച്ച് അവിടുത്തോടുള്ള ധിക്കാരമാണ്.

റസൂൽ ﷺ യുടെ കൽപനകളെ അനുസരിച്ചു കൊണ്ടും, അവിടുത്തെ ചര്യകളെ ജീവിതത്തിലുടനീളം പിൻപറ്റിക്കൊണ്ടും, അവിടുത്തെ മാർഗം സ്വീകരിച്ചു കൊണ്ടും, ആ സുന്നത്തുകളെയെല്ലാം വാക്കാലും, പ്രവർത്തിയാലും ജീവിപ്പിച്ചു കൊണ്ടും, നരകത്തിലാണെന്നും വഴികേടാണെന്നും അവിടുന്ന് ﷺ താക്കീത് നൽകിയ സകല പുത്തനാചാരങ്ങളെയും ബഹിഷ്കരിച്ചു കൊണ്ടും മാത്രമേ യഥാർത്ഥത്തിൽ നബി ﷺ യോടുള്ള സ്നേഹം നേടിയെടുക്കാൻ സാധിക്കുകയുള്ളൂ.

ഈ രൂപത്തിൽ നബി ﷺ യെ സ്നേഹിച്ചവരായിരുന്നു സ്വഹാബ. അവരാരും ഇത് കൊണ്ടാടിയില്ല!. അവരാരും ഇങ്ങനെ ഒരു സ്നേഹത്തെ മനസ്സിലാക്കിയില്ല!. ഇത്

നന്മയായിരുന്നെങ്കിൽ, സ്നേഹമായിരുന്നെങ്കിൽ അവർ അതിലേക്ക് മുന്നിട്ട് നിൽക്കുമായിരുന്നു. എന്നാൽ അവരാരും നബിദിനം കൊണ്ടാടിയില്ല.

നമ്മുടെ നാടുകളിൽ നടക്കുന്ന മൗലിദാഘോഷങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ കൊണ്ടാണ് നബി ﷺ യെ ധിക്കരിക്കുന്നത്. നബി ﷺ യെ പുകഴ്ത്തുന്നതിൽ അതിരുവിട്ട് അവിടുത്തെ വിളിച്ചു പ്രാർത്ഥിക്കുന്നു. അല്ലാഹു ഒരിക്കലും പൊറുക്കാത്ത ശിർക്കൻ വരികൾ ഈ ആഘോഷങ്ങളിൽ ഉയർന്നു കേൾക്കുന്നു!. വഴിയിൽ നിന്ന് തടസ്സം മാറ്റുന്നത് സ്വദഖയാണെന്ന് പഠിപ്പിച്ച ഹബീബിന്റെ ജന്മദിനാഘോഷത്തിന്റെ പേരിൽ എത്ര വഴികളാണ് തടസ്സപ്പെടുന്നത്!. അതിന് പുറമെ സംഗീതവും കോലാഹലങ്ങളും.. ഇതെല്ലാം നബി ﷺ തൃപ്തിപ്പെടുമോ..?!. സ്വഹാബികൾ അംഗീകരിക്കുമോ..?!.

വർഷത്തിൽ എല്ലാ ദിവസവും അവിടുത്തെ കൽപ്പനകളെ കാറ്റിൽ പറത്തിയവർ, ഒരു ദിവസം റാലിക്ക് അണിനിരന്നാൽ അതെങ്ങനെ പ്രവാചക സ്നേഹമാകും..?!.

# ചില വസ്തുതകൾ കൂടി...!

പ്രിയ സഹോദരങ്ങളെ..,

നബി ﷺ ജനിച്ച ദിവസവുമായി ബന്ധപ്പെട്ട് പഠിപ്പിക്കപ്പെട്ട ഒരേയൊരു കാര്യമാണ് തിങ്കളാഴ്ച്ച ദിവസത്തെ സുന്നത്ത് നോമ്പ്. അന്നേ ദിവസത്തെ നോമ്പിനെ കുറിച്ച് ഒരിക്കൽ ഒരു വ്യക്തി നബി ﷺ യോട് ചോദിച്ചപ്പോൾ അവിടുന്ന് ﷺ പറഞ്ഞത് ഇങ്ങനെയാണ്:

**ذَاكَ يَوْمٌ وُلِدْتُ فِيهِ، وَأُنْزِلَ عَلَيَّ فِيهِ**

مسند أحمد 【٢٢٥٤١】

**"അന്നേ ദിവസമാണ് ഞാൻ ജനിച്ചത്. അന്നാണ് എനിക്ക് ഖുർആൻ അവതരിപ്പിക്കപ്പെട്ടതും"**

ചിന്തിക്കുക, ജനിച്ച ദിവസത്തെ നോമ്പിനെ കുറിച്ച് പോലും അവിടുന്ന് ﷺ പറഞ്ഞു തന്നിട്ടുണ്ടെങ്കിൽ, അന്നേ ദിവസത്തെ ആഘോഷം ഒരു പുണ്യ കർമ്മമാണെങ്കിൽ എന്തു കൊണ്ട് അവിടുന്ന് ﷺ പറഞ്ഞു തന്നില്ല?!

തിങ്കളാഴ്ച്ചയാണ് നബി ﷺ ജനിച്ച ദിവസമെന്നതിലും, എല്ലാ ആഴ്ച്ചകളിലും ആ ദിവസം നോമ്പനുഷ്ഠിക്കുക എന്നത് നിയമമാക്കപ്പെട്ടിട്ടുണ്ടെന്ന കാര്യത്തിലും യാതൊരു അഭിപ്രായ ഭിന്നതയും ഇല്ല.

നബി ﷺ യോടുള്ള സ്നേഹം വർഷംതോറും ഏതെങ്കിലും റാലിക്ക് അണി നിരന്നു കൊണ്ട് മാത്രം പ്രകടിപ്പിക്കേണ്ട ഒന്നല്ല മറിച്ച്, അത് എന്നും എപ്പോഴും അവിടുത്തെ സ്നേഹിക്കുന്നവരിൽ ഉണ്ടാകേണ്ടതുണ്ട്. ആ സ്നേഹത്തിന്റെ ഭാഗമായി നമുക്കേവർക്കും നടപ്പിലാക്കാവുന്ന ഒരു സുന്നത്താണ് മേൽപ്പറഞ്ഞ തിങ്കളാഴ്ച്ച നോമ്പ്.

ഈ സുന്നത്തിനെ നെഞ്ചിലേറ്റിയവർ എവിടെ?!

അവർ തെറ്റിദ്ധരിച്ചു പോയിരിക്കുന്നു. ചില പ്രഹസനങ്ങളാണ് അവിടുത്തോടുള്ള സ്നേഹമെന്നാണ് അവർ കരുതുന്നത്.

സുഹൃത്തേ.., വർഷത്തിൽ ഏതെങ്കിലും പ്രത്യേക ദിവസം നബി ﷺ യുടെ ജന്മദിനം കൊണ്ടാടുന്നതിന് പ്രമാണങ്ങളിൽ യാതൊരു അടിസ്ഥാനവുമില്ല. അന്നേ ദിവസം പ്രത്യേകമായി ഒരു കാര്യവും നിയമമാക്കിയിട്ടുമില്ല.

നബി ﷺ ജനിച്ച ദിവസം അത് റബീഉൽ അവ്വൽ രണ്ടാണെന്നും, എട്ടാണെന്നും, പത്താണെന്നും, പന്ത്രണ്ടാണെന്നും അഭിപ്രായങ്ങളുണ്ട്. (ഈ അഭിപ്രായ

ങ്ങൾ ഇമാം ഇബ്നു കസീർ ﵀ തന്റെ അൽ ഫുസൂൽ ഫീ സീറത്തിർറസൂൽ എന്ന കിതാബിൽ നൽകിയതായി കാണാം). മാത്രവുമല്ല; റമദാനിലാണ് അവിടുന്ന് ﷺ ജനിച്ചത് എന്ന് ഒറ്റപ്പെട്ട ഒരഭിപ്രായവുമുണ്ട്.

അപ്പോൾ, ചുരുക്കി പറഞ്ഞാൽ നബി ﷺ ജനിച്ച മാസം റബീഉൽ അവ്വൽ ആണെങ്കിലും അതിൽ ഏത് ദിവസമാണ് എന്നതിൽ അഭിപ്രായ വ്യത്യാസമുണ്ട്.

എന്നാൽ നാം മനസ്സിലാക്കേണ്ട മറ്റൊരു പ്രധാന വസ്തുത, നബി ﷺ യുടെ വഫാത്തിന്റെ ദിവസം റബീഉൽ അവ്വൽ പന്ത്രണ്ടാണ് എന്നത് ഉലമാക്കൾക്കിടയിൽ ഭിന്നാഭിപ്രായമില്ലാത്ത കാര്യമാണ്.

സഹോദരങ്ങളെ ചിന്തിക്കുക, നബി ﷺ യുടെ വിയോഗത്തേക്കാൾ ഒരു മുസ്ലിമിന്റെ മനസ്സിനെ വേദനിപ്പിക്കുന്ന മറ്റെന്താണുള്ളത്?!. അവിടുത്തെ വഫാത്തിനേക്കാൾ വലിയ മറ്റെന്ത് വിപത്താണുള്ളത്?!. അവിടുന്ന് ﷺ പറഞ്ഞത് നാം കേട്ടിട്ടില്ലേ...

**"إِذَا أَصَابَ أَحَدَكُمْ مُصِيبَةٌ، فَلْيَذْكُرْ مُصِيبَتَهُ بِي ؛ فَإِنَّهَا مِنْ أَعْظَمِ الْمَصَائِبِ"**

سنن الدارمي 【٢٢٢】

**" നിങ്ങളിലാർക്കെങ്കിലും വല്ല വിപത്തും ബാധിച്ചാൽ, അവൻ ഞാനുമായി അവനുണ്ടായ വിപത്തിനെ ഓർത്തു കൊള്ളട്ടെ. അതാണ് ഏറ്റവും വലിയ വിപത്ത്"**

ആ മഹാവിപത്ത് സംഭവിച്ചത് റബീഉൽ അവ്വൽ പന്ത്രണ്ടിനാണെന്ന് ഉറപ്പുണ്ടായിരിക്കെ, എങ്ങനെയാണ് അന്നേ ദിവസം ആഹ്ലാദിക്കുവാനും സന്തോഷിക്കുവാനും നമുക്ക് സാധിക്കുക. 'മരണത്തിന് അസഹ്യമായ വേദനയാണ് ആയിഷാ' എന്ന് വേദന കടിച്ചമർത്തി നമ്മുടെ ജീവനേക്കാൾ നാം സ്നേഹിക്കുന്ന നമ്മുടെ റസൂൽ ﷺ പറഞ്ഞ ആ ദിനം എങ്ങനെ നാം ആഘോഷിക്കും..?!. സ്വഹാബത്ത് സ്വശരീരങ്ങളെ മറന്നുപോയ ആ വല്ലാത്ത ദിവസം നാം വർണ്ണ ലൈറ്റുകൾ കത്തിച്ച് ആടിയും പാടിയും ആഘോഷിക്കുകയോ..?!. എന്നിട്ടത് നബി ﷺ യോടുള്ള സ്നേഹമാണെന്ന് വാദിക്കുകയും ചെയ്യുകയോ..?!. അന്നേ ദിവസം ആഘോഷിക്കാത്തവർ പ്രവാചക നിന്ദകരോ..?!

# ആര് കൊണ്ടു വന്നു..?!

ദീനിൽ പുതുതായി കൊണ്ടുവന്ന ബിദ്അത്തുകളിൽ പെട്ടതും അല്ലാഹു നൽകിയ അനുഗ്രഹങ്ങളോട് നന്ദികേട് കാണിക്കലുമാണ് ഈ ദിനങ്ങളിൽ മൗലിദാഘോഷത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന കാര്യങ്ങളെല്ലാം.

അതു പോലെ തന്നെ ഇതുമായി ബന്ധപ്പെട്ട മറ്റു തിന്മകളും തോന്നിവാസങ്ങളും. ഇത്തരം കാര്യങ്ങിൽ നിന്ന് നബി ﷺ യും അവിടുത്തെ സുന്നത്തും പരിശുദ്ധി പ്രാപിച്ചിരിക്കുന്നു.

നാലാം നൂറ്റാണ്ടിൽ ശിയാക്കളിൽ പെട്ട ഉബൈദികളെന്നവരാണ് ഇത് ആദ്യമായി കൊണ്ടുവന്നത്. അവരാകട്ടെ ശിയാക്കളിലെ റാഫിദികളാണ്. അവരെ കുറിച്ച്

**ബാഖില്ലാനി ﵀ പറഞ്ഞത് കാണുക:**

**"അവർ ശിയാഇസം പേറുകയും, യഥാർത്ഥ കുഫ്ർ മനസ്സിൽ ഒളിപ്പിവച്ചരുമാണ്."**

പിന്നീട് അവർക്ക് ശേഷം മറ്റു രാജ്യങ്ങളിലേക്കും ഇത് വ്യാപിച്ചു. വിഡ്ഢികളും, വഴിപിഴച്ചവരുമായ ചിലർ അതിനെ ഏറ്റെടുത്തു. അവർ ആ ആഘോഷത്തെ എല്ലാ വർഷവും ജീവിപ്പിച്ചു കൊണ്ടിരുന്നു. കാരണം നബി ﷺ യൊ, അവിടുത്തെ സ്വഹാബത്തൊ, താബിഈങ്ങളൊ, 400 വർഷത്തിനിടെ ഉത്തമ തലമുറകളിലെ ആരും തന്നെ ഇത് കൊണ്ടാടിയില്ല. ഈ മൗലിദാഘോഷം അറിയപ്പെട്ടതുപോലുമില്ല. ഇത് അറിയപ്പെട്ടത് 400 വർഷങ്ങൾക്ക് ശേഷം മാത്രമാണ്. മിസ്റിന്റെ ഭരണം ഏറ്റെടുത്തപ്പോൾ ശിയാക്കളിലെ ഫാത്വിമികളാണ് ഇത് കൊണ്ടുവന്നത്. അങ്ങനെ ഈ സമുദായത്തിലെ വിഡ്ഢികളും വഴിപിഴച്ചവരുമായവർ ഇതിനെ ഏറ്റെടുത്തു.

## ബിദ്അത്തിൽ നിന്നും ശിർക്കിലേക്ക്!

ഈ ആഘോഷത്തിന്റെ ഭാഗമായി ധാരാളം തിന്മകൾ നടമാടുന്നുണ്ട്. അതിൽ ഏറ്റവും കടുത്ത തിന്മ അല്ലാഹുവിൽ പങ്കു ചേർക്കലാണ്. നബി ﷺ യോട് സഹായം തേടിക്കൊണ്ടും അവിടുത്തോട് ആവലാതി ബോധിപ്പിച്ചു കൊണ്ടുമൊക്കെ. അതെല്ലാം അല്ലാഹുവിൽ പങ്കു ചേർക്കലാണ്. കാരണം നബി ﷺ യോട് അവിടുത്തെ വഫാത്തിന് ശേഷം ഒന്നും തന്നെ തേടാൻ പാടുള്ളതല്ല!

## നബിദിനാഘോഷം റസൂൽ ﷺ യെ ഓർക്കുന്നതിനോ

ഈ പുത്തനാചാരം കൊണ്ടാടുന്നവർ ഇതിലൂടെ നബി ﷺ യുടെ സ്മരണകളെ ജീവിപ്പിക്കുന്നു എന്നു പറഞ്ഞാൽ നിങ്ങൾ അവരോട് ചോദിക്കുക:-

നിങ്ങൾ ഈ ചില ദിവസങ്ങളിൽ മാത്രമാണോ നബി ﷺ യെ സ്മരിക്കുന്നത്..?

മുസ്ലിമീങ്ങൾ നബി ﷺ യെ എല്ലായിപ്പോഴും സദാ ഓർത്തു കൊണ്ടിരിക്കുന്നവരാണ്. അല്ലാഹു അവിടുത്തെ ഓർമകൾ ബാങ്കിലൂടെയും ഇഖാമത്തിലൂടെയും നിസ്കാരത്തിലൂടെയും പ്രസംഗങ്ങളിലൂടെയുമെല്ലാം ഉയർത്തിയിട്ടുണ്ട്. അല്ലാഹുവിന്റെ വാക്ക് പുലർന്നത് പോലെ അല്ലാഹുവിനെ സ്മരിക്കുമ്പോഴെല്ലാം നബിയെ ﷺ കൂടി സ്മരിക്കപ്പെടാതിരിക്കുന്നില്ല.!

അല്ലാഹു പറയുന്നു:-

وَرَفَعْنَا لَكَ ذِكْرَكَ ۝٤ [الشرح: 4]

**അല്ലാഹുവിന്റെ റസൂലെ, താങ്കൾക്ക് താങ്കളുടെ കീർത്തി നാം ഉയർത്തിത്തരികയും ചെയ്തിരിക്കുന്നു.**

നബി ﷺ പഠിപ്പിച്ച ഏതൊരു ആരാധനാ കർമ്മവും ഒരു മുസ്‌ലിം പ്രവർത്തിക്കുമ്പോൾ അതിലൂടെയെല്ലാം അവൻ അവിടുത്തെ ഓർക്കുകയും, അവിടുത്തെ സുന്നത്തുകൾ പിൻപറ്റുകയുമാണ് ചെയ്യുന്നത്. നബി ﷺ ക്ക് ആകട്ടെ അത് പ്രവർത്തി

ക്കുന്നവന്റേത് പോലെ തന്നെ പ്രതിഫലവുമുണ്ട്. കാരണം ആരെങ്കിലും മുസ്ലിമീങ്ങൾക്ക് നല്ല ഒരു സുന്നത്ത് പഠിപ്പിച്ചുവോ അവന് പഠിപ്പിച്ച പ്രതിഫലവും അന്ത്യനാൾ വരെ അത് പ്രവർത്തിക്കുന്നവരുടെ പ്രതിഫലമുണ്ട്. അത് കൊണ്ട് തന്നെ പുതുതായ ഏതെങ്കിലും രീതികൾ കൊണ്ട് ഓർക്കപ്പെടാനുള്ള ആവശ്യം നബി ﷺ ക്കില്ല.

ഇനി ഞങ്ങൾ നബി ﷺ യെ സ്നേഹിക്കുകയാണ്, ഈ ആഘോഷം നടത്തുന്നത് അതിനു വേണ്ടിയാണെന്ന് അവർ പറഞ്ഞാൽ..

നാം ചോദിക്കും :-

നിങ്ങൾ അബൂബക്ർ رَضِيَ ٱللَّٰهُ عَنْهُ വിനെക്കാളും ഉമർ رَضِيَ ٱللَّٰهُ عَنْهُ വിനെക്കാളും മറ്റു സ്വഹാബികളെ ക്കാളും താബിഈങ്ങളെക്കാളും കഠിനമായി നബി ? യെ സ്നേഹിക്കുന്നവരാണോ..!? അവരാരും ഈ മൗലിദാഘോഷം കൊണ്ടാടിയില്ല..! അത് അവർ നബി ﷺ യെ സ്നേഹിക്കാത്തത് കൊണ്ടാണോ..!? ഇല്ലാ ഒരിക്കലും അല്ല.! പക്ഷേ ഇത് ഒരു പുത്തനാ ചാരമായതു കൊണ്ടു മാത്രമാണ്..!അവർ പുത്തനാചരങ്ങളിൽ നിന്ന് ബഹുദൂരം വിട്ടു നിന്നവരാണ്.

# നബിദിനം ആഘോഷിക്കാത്തവർ നബി നിന്ദകരോ..!?

മൗലിദാഘോഷത്തെ എതിർക്കുന്നതു കൊണ്ടുള്ള ഉദ്ദേശം ഒരിക്കലും നബി ﷺ യോടുള്ള സ്നേഹത്തിൽ കുറവുള്ളതു കൊണ്ടല്ല. ഒരിക്കലുമല്ല. മറിച്ച്, അവിടുന്ന് ﷺ നമുക്ക് നമ്മുടെ മതാപിതാക്കളെക്കാളും, നമ്മേക്കാളും പ്രിയപ്പെട്ടവരാണ്.

**അവിടുന്ന് ﷺ പറഞ്ഞിട്ടുണ്ട്:**

**'സ്വന്തം മക്കളെക്കാളും, മാതാപിതാക്കളെക്കാളും, സകല മനുഷ്യരേക്കാളും ഞാൻ നിങ്ങൾക്ക് പ്രിയപ്പെട്ടവനാകുന്നത് വരെ നിങ്ങളിലാരുടെയും ഈമാൻ പൂർത്തി യാവുകയില്ല'**

ഉമർ رضي الله عنه ഒരിക്കൽ നബി ﷺ യോട് പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, ഞാൻ കഴിഞ്ഞാൽ പിന്നെ എനിക്ക് ഏറ്റവും കൂടുതൽ ഇഷ്ടം താങ്കളെയാണ്." അപ്പോൾ അവിടുന്ന് ﷺ പറഞ്ഞു: 'പോര ഉമർ, നിങ്ങളേക്കാൾ എന്നെ ഇഷ്ടപ്പെടുന്നത് വരെ". അപ്പോൾ ഉമർ رضي الله عنه പറഞ്ഞു: "എന്നാൽ ഇപ്പോൾ എന്നേക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത് താങ്കളെയാണ് റസൂലേ." അപ്പോൾ അവിടുന്ന് ﷺ പറഞ്ഞു: "ഇപ്പോഴാണ് ഉമറെ ശരിയായത്!"

തീർച്ചയായും അല്ലാഹുവിന് ശേഷം മറ്റെല്ലാത്തിനെക്കാളും പ്രിയപ്പെട്ടത് നബി ﷺ യാണ് എന്നത് അഹ്ലുസ്സുന്ന ഉറച്ച് വിശ്വസിക്കുന്നു. ഏകനായ അല്ലാഹുവാണ് എല്ലാറ്റിനെക്കാളും അവർക്ക് പ്രിയപ്പെട്ടത്. പിന്നെ നബി ﷺ യാണ്. സ്വന്തത്തേക്കാളും, സന്താനങ്ങളെക്കാളും, സമ്പത്തിനേക്കാളുമെല്ലാം മുകളിൽ അവിടുന്നാണ് ജനങ്ങളിൽ അവർക്ക് ഏറെ പ്രിയപ്പെട്ടത്. പിന്നെ മറ്റു പ്രവാചകൻമാർ. ആ മാർഗത്തിലാണ് നമ്മളുള്ളത്.

അല്ലാഹുവിനെ സാക്ഷിയാക്കി നാം പറയുന്നു:

"തീർച്ചയായും, അല്ലാഹു കഴിഞ്ഞാൽ പിന്നെ മറ്റെല്ലാത്തിനെക്കാളും നമുക്ക് പ്രിയ പ്പെട്ടത് നബി ﷺ യാണ്.'

അല്ലാഹുവിനെ സാക്ഷിയാക്കി നാം പറയുന്നു:

"നമ്മെക്കാളും, നമ്മുടെ സമ്പത്തിനേക്കാളും, മക്കളേക്കാളും, മറ്റെല്ലാത്തിനെക്കാളും അവിടുന്ന് ﷺ നമുക്ക് പ്രിയപ്പെട്ടതാണ്."

അല്ലാഹുവാണ് സത്യം, ഈ ആഘോഷം അവിടുന്ന് ﷺ നമുക്ക് നിയമമാക്കി തന്നിരുന്നെങ്കിൽ, തീർച്ചയായും അതിലേക്ക് നമ്മൾ മുന്നിട്ട് വരികയും, മറ്റുള്ളവരെ

അതിലേക്ക് ക്ഷണിക്കുകയും, അതിന് വേണ്ടി ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, അവിടുന്ന് ﷺ ഈ ആഘോഷം ദീനാക്കി തന്നിട്ടില്ല. സ്വയം ആഘോഷം നടത്തിയിട്ടില്ല. അവിടുത്തെ സ്വഹാബികളും നടത്തിയിട്ടില്ല.

എന്നാൽ, ഇന്ന് ജനങ്ങളുടെ മോശമായ ശീലങ്ങളെയും, നിരർത്ഥകമായ ആശയങ്ങളെയും എതിർക്കുന്നവരെയാണ് യഥാർത്ഥത്തിൽ അവർ ശത്രുക്കളായി കാണുന്നത്. തങ്ങളുടെ അടുക്കലുള്ള ബിദ്അത്തുകളും, അസത്യങ്ങളും എതിർക്കപ്പെട്ടാൽ അവർ പറയും: 'ഇക്കൂട്ടർ നബി ﷺ യെ വെറുക്കുന്നവരാണ്' എന്ന്. നബി ﷺ തൗഹീദിലേക്ക് ക്ഷണിച്ചപ്പോൾ ഇതു തന്നെയാണ് മുശ്രിക്കുകൾ അവിടുത്തോട് പറഞ്ഞത്. അവർ പറഞ്ഞു: 'മുഹമ്മദ് ഇതാ ഈസാ നബിയെ വെറുത്തിരിക്കുന്നു' എന്ന്. കാരണം, നബി ﷺ അവരെ ഈസാ നബിയെ ആരാധിക്കുന്നതിൽ നിന്നും തടഞ്ഞു.

**ഇമാം ക്വാദി ഇയാദ് رحمه الله പറഞ്ഞു:**

**"നബി ﷺ യോടുള്ള സ്നേഹത്തിൽ സത്യസന്ധത ഉള്ളവനെന്നാൽ അതിന്റെ അടയാളങ്ങൾ തന്നിലുള്ളവനാരാണോ അവനാണ്. അതിൽ ഒന്നാമത്തെ കാര്യം അവിടുത്തെ അനുധാവനം ചെയ്യലാണ്. (പിന്നെ) അവിടുത്തെ ചര്യ പ്രാവർത്തികമാക്കലും, അവിടുത്തെ വാക്കുകളും പ്രവൃത്തികളും പിൻപറ്റലും, അവിടുത്തെ കൽപനകൾ ശിരസാവഹിക്കലും, അവിടുന്ന് വിലക്കിയ കാര്യങ്ങൾ ഉപേക്ഷിക്കലും, തന്റെ പ്രയാസത്തിലും എളുപ്പത്തിലും, തന്റെ ഉന്മേഷത്തിലും ക്ലേശത്തിലും അവിടുന്ന് പഠിപ്പിച്ച മര്യാദകൾ സ്വീകരിക്കലുമാണ്."**

**الشفا بتعريف حقوق المصطفى【٢٢\٢】**

# സമാപനം

മേൽ പറഞ്ഞ കാര്യങ്ങളെല്ലാം നബിദിനത്തെ കുറിച്ച് മാത്രമല്ല. മറിച്ച് ജനങ്ങൾ ഉണ്ടാക്കിയിട്ടുള്ള സകല ജന്മദിനാഘോഷങ്ങളും പാടില്ലാത്തത് തന്നെയാണ്. റസൂൽ ﷺ യുടെ ജന്മദിനം കൊണ്ടാടൽ വെറുക്കപ്പെട്ട അനാചാരമാണെങ്കിൽ മറ്റു ജന്മദിനാഘോഷങ്ങൾ എന്തു കൊണ്ടും തെറ്റായ കാര്യം തന്നെയാണ്.

ഇത് പ്രവർത്തിക്കുന്നവരെ എതിർക്കുകയും റസൂൽ ﷺ യെയും മറ്റ് പ്രവാചകൻമാരെയും ആദരിക്കേണ്ടത് അവരെ പിൻപറ്റി കൊണ്ട് മാത്രമാണ് എന്ന് അവരെ നാം പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

നബി ﷺ യെ ആദരിക്കുന്നതിന്റെ ഭാഗമാണ് അവിടുന്ന് പഠിപ്പിക്കാത്ത കാര്യങ്ങൾ ബഹിഷ്ക്കരിക്കൽ എന്ന് ധാരാളം പണ്ഡിതൻമാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വിശുദ്ധ ദീനിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത അനാചാരമാണിതെന്നും അത് കൊണ്ട് ദീനിന്റെ ആളുകൾ ഇതിൽ അണിചേരരുത് എന്നും അവർ വ്യക്തമാക്കിയിമുട്ടുണ്ട്.

അത് കൊണ്ട് ഗുണകാംക്ഷ ഉള്ള ഒരോ വ്യക്തിയും അല്ലാഹുവിനെ ഭയപ്പെടുകയും, അല്ലാഹു നിർണ്ണയിച്ച അതിരുകൾ കാത്തുസൂക്ഷിക്കുകയും, അല്ലാഹു പഠിപ്പിക്കാത്ത കാര്യങ്ങൾ ദീനിൽ ചേർക്കാതിരിക്കുകയും ചെയ്യുക.

കാരണം ഈ ദീൻ അവൻ പൂർത്തീകരിച്ചു നൽകിയിട്ടുണ്ട്. നമ്മുടെ റസൂൽ നേരായവഴിയിലാണ് നമ്മെ വിട്ടേച്ചുപോയത് അതിൽ നിന്ന് നിർഭാഗ്യവാനല്ലാതെ തെറ്റിപ്പോവുകയില്ല!

ഒന്നു കൂടെ ആവർത്തിക്കുന്നു:

ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തങ്ങളേറെയാണ്.. മാറാനും തിരുത്താനും സമയമുണ്ട്. അതിനാൽ ഇത്തരം കാര്യങ്ങളിൽ ഏർപ്പെടുന്നവർ അല്ലാഹുവിനെ ഭയപ്പെടുകയും, ഇത്തരം അനാചാരങ്ങളെ ഉപേക്ഷിക്കുകയും ചെയ്യട്ടെ.

അല്ലാഹു അതിന് തൗഫീഖ് നൽകുമാറാകട്ടെ

അവൻ നമ്മെ ഹിദായത്തിൽ ഉറപ്പിച്ചു നിർത്തുകയും അനാചാരങ്ങളിൽ നിന്നും അതിന്റെ കൂട്ടാളികളിൽ നിന്നും നമ്മെ രക്ഷിക്കുകയും, സുന്നത്തിൽ നമ്മെ ഒരുമിപ്പിക്കുകയും ചെയ്യട്ടെ ആമീൻ

وصلى الله على نبينا محمد وآله وصحبه وسلم